SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.01.2025
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:12 ISSUE NO:21 JANUARY 2025 ANNUAL SUBSCRIPTION Rs. 100/-

## സായിപ്പിന്റെ ആശുപത്രി നവതിയിലേക്ക്

**തിരുവല്ല:** ആരോഗ്യ സംരക്ഷണ മേഖലയിൽ 90 വർഷം പൂർത്തിയാക്കുന്ന തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന്റെ നവതി ആഘോഷങ്ങൾ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്ജ് തിരുവല്ല ടി എം എം ആശുപത്രി അങ്കണത്തിൽ ഉദ്ഘാടനം ചെയ്തു. രോഗികളുടെ പൂർണമായ സുഖം പ്രാപ്തിക്കും നല്ല ആരോഗ്യത്തിനും വേണ്ടി സർക്കാർ പദ്ധതികളോടൊപ്പം ചേർന്ന് അനുകരണനീയമായ രീതിയിൽ പ്രവർത്തിക്കുന്ന സായിപ്പിന്റെ ആശുപത്രി എന്നറിയപ്പെടുന്ന തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയുടെ 90-ാം വാർഷികം ഉദ്ഘാടനം ചെയ്യുന്നതിൽ തനിക്കു അഗാധമായ സന്തോഷമുണ്ട്. എന്ന് വീണാ ജോർജ്ജ് പറഞ്ഞു. ശരീത്തിനുണ്ടാകുന്ന രോഗം ഒരു വ്യക്തിയിൽ ഉണ്ടാക്കുന്ന മാനസിക സാമ്പത്തിക ആഘാതങ്ങളെയും നേരിടുവാനുള്ള സമഗ്ര പദ്ധതികൾ ആരോഗ്യമേഖലയിൽ ഉണ്ടാകണമെന്നും രോഗത്തിന്റെ മുൻപിൽ ഒരുവ്യക്തിയും തോറ്റുപോകാതെ അനേക തലമുറകളെ ചേർത്തു പിടിച്ച് സ്ഥാപനമാണ് തിരുവല്ല മെഡിക്കൽ മിഷൻ എന്നും വീണാ ജോർജ്ജ് അഭിപ്രായപ്പെട്ടു.

നവതിയോട് അനുബന്ധിച്ച് ടി എം എം ആരംഭിച്ച മെന്റൽ ഹെൽത്ത് ആൻഡ് ഡി അഡിക്ഷൻ സെന്ററിന്റെ ഔപചാരികമായ ഉദ്ഘാടനം ചടങ്ങിൽ കോട്ടയം എം. പി. അഡ്വ. ഫ്രാൻസിസ് ജോർജ്ജ് നിർവഹിച്ചു. ടി എം എം ആശുപത്രിയുടെ സാമൂഹിക സേവന വിഭാഗമായ "കൂടെ" യുടെ പുതിയ പ്രൊജെക്ടുകൾ തിരുവല്ല എം എൽ. എ അഡ്വ. മാത്യു ടി. തോമസും ടി എം എം അക്കാദമിയുടെ ഉദ്ഘാടനം ചങ്ങനാശ്ശേരി എം എൽ എ അഡ്വ. ജോബ് മൈക്കിളും ചടങ്ങിൽ നിർവഹിച്ചു.



TMM ആശുപത്രി ചെയർമാൻ ജോർജ്ജ് കോശി അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

ഐ പി സി സഭയുടെ മുൻ ജനറൽ പ്രസിഡന്റ് ഡോ. കെ. സി. ജോൺ യു. ഡി.ഫ് പത്തനംതിട്ട ജില്ലാ കൺവീനർ അഡ്വ. വർഗീസ് മാമ്മൻ, ടി എം എം മുൻ ജീവനക്കാരെ പ്രതിനിധീകരിച്ചു ശ്രീ ബിജു ജോൺ, സി പി എം ജില്ലാ സെക്രട്ടറി ശ്രീ. കെ. പി ഉദയഭാനു. ടി എം എം സ്ഥാപനങ്ങളുടെ സെക്രട്ടറി ശ്രീ. ബെന്നി ഫിലിപ്പ് അഡ്മിനിസ്ട്രേറ്റർ ശ്രീ. ജോർജ്ജ് മാത്യു, മെഡിക്കൽ ഡയറക്ടർ കേണൽ ഡോ. ഡെന്നിസ് അബ്രഹാം, ടി എം എം മുൻ ചെയർമാൻ വി എം അബ്രഹാം എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഉദ്ഘാടനത്തിന് ശേഷം സംഗീത സന്ധ്യയും ടി എം എം നഴ്സിംഗ് കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാ പരിപാടികളും നടന്നു. ടി എം എം നവതി ചെക്കപ്പ് കൂപ്പണുകൾ ചടങ്ങിൽ പങ്കെടുത്തവർക്ക് വിതരണം ചെയ്തു. 0469 2626000 എന്ന നമ്പറിൽ വിളിച്ചു ഈ കൂപ്പൺ പ്രകാരമുള്ള സേവനങ്ങൾ ബുക്ക് ചെയ്യാവുന്നതാണ്.

## കണ്ണൂർ ജില്ലയിൽ സത്യം മിനിസ്ട്രീസ് നടത്തിയ പ്രവർത്തന റിപ്പോർട്ട്

**തിരുവല്ല:** 2025 ജനുവരി 8, 9, 10, 11 തീയതികളിൽ ചെറുപ്പുഴ മീൻതുള്ളി, കാനംവയൽ എന്നീ സഭകളുടെ സഹകരണത്തിൽ 4 ദിവസങ്ങളിലായി 25 പരസ്യയോഗങ്ങളും ചെറുപുഴ ടൗണിൽ മിനി കൺവൻഷനും നടത്തി പ്രവർത്തനങ്ങളിൽ P.S.തമ്പാൻ റാന്നി, E.S.റെജി ഈട്ടിമൂട്ടിൽ, P.K. ജോയി പെരുമ്പാവൂർ, സന്തോഷ് ലൂക്കോസ് കോട്ടയം V. J. തോമസ് ഉദയഗിരി, മാത്യു ജോൺ തിരുവല്ല എന്നിവർ നേതൃത്വം കൊടുത്തു. കണ്ണൂർ ജില്ലയിലുള്ള സുവിശേഷകന്മാരും, അനേകം വിശ്വാസികളും പ്രവർത്തനങ്ങളിൽ സഹകരിച്ചു. 11-ാം തീയതി നടന്ന ഇരുമാസയോഗത്തിലും സഹോദരന്മാർ സംബന്ധിച്ചു ശുശ്രൂഷകൾ ചെയ്തു.

**ജീവവചനം ഒരു ശുശ്രൂഷയാണ് പ്രാർത്ഥന ആവശ്യം**

## വൈ. എം. ഇ. എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്

സഭകളുടെ ആത്മികാഭിവൃദ്ധിയും സ്ഥലംസഭകളിൽ കൂടിയുള്ള സുവിശേഷവത്ക്കരണവും ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്ന കൂട്ടായ്മയാണ് വൈ. എം. ഇ. എഫ്. 1941-ൽ ഔദ്യോഗികമായി ഈ പ്രസ്ഥാനത്തിന് രൂപം നൽകി.

ദക്ഷിണഭാരത സുവിശേഷവത്കരണം എന്ന ആഗ്രഹം സഹോദരന്മാരുടെ നിരന്തര പ്രാർത്ഥനാ വിഷയമായിരുന്നു. തൽ ഫലമായി 1999 മാർച്ചിൽ കർണ്ണാടക സംസ്ഥാനത്തേക്കുള്ള ആദ്യ ടീം പുറപ്പെട്ടു. 14 ജില്ലകളിൽ സുവിശേഷം അറിയിക്കുവാൻ ഇടയായി. പ്രശ്നങ്ങൾ, പ്രതികൂലങ്ങൾ, എതിർപ്പുകൾ ഇവയൊക്കെ ധാരാളം ഉണ്ടായിക്കൊണ്ടിരുന്നെങ്കിലും പ്രവർത്തനങ്ങൾ ഉത്സാഹത്തോടെ തുടർന്നു. എന്നാൽ 2008 ൽ ഒറീസ്സായിൽ ഉണ്ടായ ചില സംഭവത്തോടെ താൽകാലികമായി കർണ്ണാടക കാമ്പയിൻ നിറുത്തിവച്ചു.

2011 മുതൽ വീണ്ടും കർണ്ണാടകയിൽ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. പുതിയ കൂടിവരവുകൾ ആരംഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. അനേകം ജില്ലകളിൽ സ്ഥലം സഭകളുടെ നിർമ്മാണം വൈ. എം. ഇ. എഫ്. (SD) ന്റെ നേരിട്ടുള്ള ചുമതലയിൽ നടന്നു. നാം ചെയ്യുന്ന വേലകൾ കർത്താവ് കാണിച്ച മാതൃക പ്രകാരമെങ്കിൽ ഫലം സുനിശ്ചിതം. 2008 കർണാടകത്തിൽ പ്രതികൂലങ്ങൾ ഉണ്ടായപ്പോൾ താൽക്കാലികമായി പ്രവർത്തനം ഈറോഡിലേക്ക് മാറ്റി. 2008-2010 കാലയളവിൽ ഈറോഡ് സഭയോട് ചേർന്ന് വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ പ്രവർത്തിക്കുവാൻ കർത്താവ് കൃപ ചെയ്തു. ഈ കാലയളവിൽ ടീം അംഗങ്ങൾക്കു കൊടിയ മർദനവും ഉപദ്രവവും ഏറ്റു. എന്നാൽ തക്കസമയത്ത് കർത്താവിന്റെ കരുതലും പരിപാലനവും അനുഭവിക്കുവാൻ സാധിച്ചു എന്നുള്ളത് നന്ദിയോടെ സ്മരിക്കുന്നു. ഏറ്റവും ഭംഗിയായ നിലയിൽ ഈറോഡിലെ പ്രവർത്തനം പൂർത്തീകരിക്കുവാൻ സർവ്വശക്തൻ കൃപ ചെയ്തു.

കേന്ദ്രഭരണ പ്രദേശമെന്ന നിലയിൽ പ്രതിശീർഷവരുമാനം കൂടുതലുള്ള പോണ്ടിച്ചേരിയിൽ മുക്കിനും മൂലയ്ക്കും മദ്യഷാപ്പുകൾ ആണ്. മദ്യത്തിന്റെ ആസക്തിയിലും അന്ധകാരത്തിലും കഴിയുന്ന എത്രയോ ആയിരങ്ങൾ നരകത്തിലേക്ക് ഒഴുകുന്ന കാഴ്ചയാണ് പോണ്ടിച്ചേരിയിലും സമീപഗ്രാമങ്ങളിലും കാണാൻ കഴിയുന്നത്? പോണ്ടിച്ചേരി, കടലൂർ മുതലായ സ്ഥലങ്ങളിൽ നമുക്ക് എത്തിച്ചേരാവുന്ന ഗ്രാമങ്ങളിൽ സുവിശേഷം എത്തിച്ചു. കേരളത്തിലെ പ്രവർത്തനങ്ങളും അനുഗ്രഹമായി തുടരുവാൻ ദൈവം കൃപ ചെയ്തു കൊണ്ടിരിക്കുന്നു. സ്ഥലംസഭയുടെ സഹകരണത്തിൽ ത്രിദിന സുവിശേഷ ക്യാമ്പ് ആണ് കേരളത്തിലെ പ്രധാന പ്രവർത്തനം, ഭവനസന്ദർശനം പരസ്യയോഗം വചന ധ്യാനം (തുടർച്ച പേജ് 7..)

## കേരള ഇവാഞ്ചലിസ്റ്റിക് മിഷനറി ഫണ്ട് 80-ാമതു വാർഷിക റിപ്പോർട്ട്

സഭകളിൽ നിന്നും പൂർണ സമയ സുവിശേഷ വേലയ്ക്കായി വേർതിരിഞ്ഞ് സഭകളുടെ സാക്ഷ്യപത്രം അനുസരിച്ച് ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ ദൈവവേല ചെയ്യുന്ന സഹോദരന്മാർക്ക് പിൻബലം നൽകുന്നതിനായി 1943 ഡിസംബർ 28 മുതൽ കഴിഞ്ഞ 80 വർഷങ്ങളായി ദൈവം കെ. ഇ. എം. ഫണ്ടിനെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

പൂർണസമയ സുവിശേഷ വേലയ്ക്കായി വിളി ലഭിച്ച് സ്ഥലം സഭയുടെ സാക്ഷ്യപത്രത്തോടെ വേർതിരിയുന്നവർക്കാണ് സ്ഥിരമായി സാമ്പത്തിക കൂട്ടായ്മ നൽകുന്നത്. കെ. ഇ. എം. ഫണ്ടിൽ ലഭിക്കുന്ന സംഭാവനകൾ രണ്ടു രീതിയിൽ വിതരണം ചെയ്യുന്നത്.

ജനറൽ ഫണ്ടിലേക്ക് ലഭിക്കുന്ന തുക 856 സുവിശേഷകന്മാർക്ക് ആണ് രണ്ടു മാസം കൂടുമ്പോൾ തുല്യമായി വിതരണം ചെയ്യുന്നു. പ്രത്യേക സുവിശേഷകന്മാരെയോ, സംസ്ഥാനങ്ങളെയോ കേന്ദ്രീകരിച്ച് ലഭിക്കുന്ന നിർദ്ദിഷ്ട ദാനങ്ങൾ ദാതാക്കളുടെ നിർദ്ദേശപ്രകാരം വിതരണം ചെയ്യുന്നു.

ദാതാക്കളുടെ താല്പര്യപ്രകാരം എൻഡോവ്മെന്റായി നൽകുന്ന തുക ബാങ്കിൽ സ്ഥിരനിക്ഷേപമായി നിലനിർത്തി മൂന്നുമാസം കൂടുമ്പോൾ ലഭിക്കുന്ന പലിശ ജനറൽ അക്കൗണ്ടിൽ ചേർത്ത് സുവിശേഷകന്മാർക്ക് വിതരണം ചെയ്യുന്നു.

കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ട സുവിശേഷകന്മാരുടെ വിധവകളുടെ സഹോദരിമാർക്ക് ഈ വർഷവും സാമ്പത്തിക കൂട്ടായ്മ നൽകുവാൻ സാധിച്ചതിനാൽ ദൈവത്തെ സ്തുതിക്കുന്നു. കെ. ഇ.എം.ഫണ്ടിനെ സ്നേഹിക്കുകയും പ്രാർത്ഥിക്കുകയും, സാമ്പത്തിക സഹായം നൽകുകയും ചെയ്ത എല്ലാ സഭകളോടും ദൈവമക്കളോടും ഞങ്ങൾക്കുള്ള അകമഴിഞ്ഞ നന്ദി അറിയിക്കുന്നു.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

*ഡോ. സി.വി. വടവന*
(ചീഫ് എഡിറ്റർ)
*ഇ.എസ്. റെജി*
(സബ് എഡിറ്റർ)
*ഐസക്ക് സി. വടവന*
(മാനേജിംഗ് എഡിറ്റേഴ്സ്)
*ജസ്റ്റിൻ സി. വടവന*
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

*എ. വി. ജോൺ*
*ജിജോ അങ്കമാലി*
*ഡോ. സണ്ണി എഴുമറ്റൂർ*
*എൽസി ബേബി*

**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ മാസിക*
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

**ജീവവചനം**
**സത്യം മിനിസ്ട്രീസ്**
**തോട്ടഭാഗം പി.ഒ.**
**തിരുവല്ല - 689541**
**ഫോൺ: 9447126182**

**USA**
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

# തലക്കുറി

## നമ്മുടെ സ്ഥാപനങ്ങൾ

### ബ്രദർ സി.വി. വടവന



ബ്രദറൺ മിഷനി ആയിരുന്ന ഇ.എച്ച് നോയലിന് ഭാരതം സുവിശേഷീകരിക്കുക എന്ന ലക്ഷ്യം മാത്രമായിരുന്നില്ല സമൂഹത്തിന്റെ ഉന്നതിയും ലക്ഷ്യമായിരുന്നു. അതു പ്രവർത്തിപഥത്തിലെത്തിച്ചത് ആതുരാലയങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടക്കം കുറിച്ചുകൊണ്ട് ആയിരുന്നു. ആ ക്രിസ്തു സ്നേഹി സ്ഥാപിച്ച സ്കൂളുകളുടെ പ്രവർത്തനങ്ങൾ പതിറ്റാണ്ടുകൾ പിന്നിട്ട് ഇന്നും ബ്രദറൺ സമൂഹത്തിന്റെ അഭിമാനസ്തംഭങ്ങൾ ആയി നിലകൊള്ളുന്നത് നമുക്ക് ചാരിതാർത്ഥ്യത്തിന് വക നൽകുന്നു. സഭാകൂടിവരവുകൾക്ക് ഉപകരിക്കുക, വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന തൊഴിൽ സാദ്ധ്യതകളിലൂടെ സമൂഹത്തിന് സമൂല മാറ്റം ഉണ്ടാക്കിയെടുക്കുക, പിന്നോക്ക വിഭാഗങ്ങളെ ഉദ്ധരിക്കുക എന്നിവയൊക്കെയായിരുന്നു ആ മിഷനറി വര്യൻ ഇതിലൂടെ സ്വപ്നം കണ്ടത്.

എന്നാൽ ദുഃഖകരമെന്ന് പറയട്ടെ: കഴിഞ്ഞ കാലങ്ങളിൽ സമൂഹത്തിന് പ്രകടമായ സംഭാവനകൾ നൽകിയ നമ്മുടെ മിക്ക സ്ക്കൂളുകളും വളരെ പരിതാപകരമായ അവസ്ഥയിലാണ് മുന്നോട്ട് പോകുന്നത്. രഹസ്യമായ കോഴവാങ്ങൽ മാത്രമാണ് ഇപ്പോൾ തകൃതിയായി നടന്നു വരുന്നത്. എൽ.പി. യു.പി. ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ വിഭാഗങ്ങളിലായി ഇപ്പോൾ 18 നോയൽ മെമ്മോറിയൽ സ്കൂളുകൾ നിലവിലുണ്ട് പല സ്കൂൾ കെട്ടിടങ്ങളും ജീർണാവസ്ഥയിലാണ്. വർഷങ്ങളായി പെയിന്റ് ചെയ്കയോ റിപ്പയർ ചെയ്യുകയോ ചെയ്തിട്ടില്ല. ചോർന്നൊലിക്കുന്ന കെട്ടിടങ്ങൾ, ചിതൽ തിന്നമേൽക്കൂരകൾ, സംരക്ഷിക്കപ്പെടാത്ത പരിസരങ്ങൾ, വൃത്തിഹീനമായ കഞ്ഞിപ്പുരകൾ, വ്യക്തമല്ലാത്ത ബോർഡുകൾ, ഉപയോഗശൂന്യമായ ടോയ്‌ലറ്റുകൾ എന്നിവയൊക്കെ മിക്ക സ്കൂളുകളിലും കാണാം. സ്കൂൾ കോംമ്പൗണ്ടുകൾക്ക് ചുറ്റുമതിൽ ഇല്ലാത്തതിനാൽ കന്നുകാലികളുടെയും സാമൂഹ്യവിരുദ്ധരുടെയും താവളമായി സ്കൂൾ പരിസരം മാറിയിട്ടുണ്ട്.

പി. ടി. എയുടെയും മാനേജുമെന്റിന്റെയും നിസംഗതയും കെടുകാര്യസ്ഥതയും സ്കൂളിന്റെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്നു. സ്കൂളിലെ കുട്ടികൾക്ക് വാഹന സൗകര്യങ്ങൾ ക്രമീകരിക്കുക കെട്ടിടങ്ങളുടെയും ഫർണിച്ചറുകളുടെയും കേടുപോക്കുക, യൂണിഫോമും പാഠ്യോപകരണങ്ങളും നൽകുക എന്നീ ആവശ്യങ്ങൾക്ക് അദ്ധ്യാപകരുടെ കയ്യിൽ നിന്നും 9000 മുതൽ 50000 രൂപ വരെ ചില വഴിച്ചാണ് ഇപ്പോൾ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നത്. സ്കൂളിനെ സംബന്ധിച്ചുള്ള ശരിയായ വിവരങ്ങൾ യഥാസമയം ഗവർമെന്റ് തലത്തിൽ കൊടുക്കാത്തതിനാൽ അദ്ധ്യാപകർക്ക് ശമ്പളവും മറ്റാനുകൂല്യവും ലഭിക്കാത്ത സാഹചര്യങ്ങൾ ചില സ്കൂളുകളിലുണ്ട്. സമൂഹത്തിലെ ഇടത്തരക്കാരെയും മറ്റുള്ളവരേയും ആകർഷിക്കത്തക്ക നിലവാരം ഇന്ന് മിക്ക സ്കൂളുകൾക്കും ഇല്ല. ദയനീയമായ ഈ ദുഃസ്ഥിതി തുറന്നു പറഞ്ഞാൽ ചിലരെയെങ്കിലും അത് വേദനിപ്പിക്കുന്നതുകൊണ്ട് ഞാൻ അതിന് തയ്യാറാവുന്നില്ല.

എന്തായാലും ഈ ദയനീയ സ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാകേണ്ടതില്ലേ! നമ്മുടെ ദൈവത്തിന്റെ നാമം ഉയർന്നു കേൾക്കുവാൻ പര്യാപ്തമായ ഒരു സ്ഥിതി വിശേഷം സംജാതമാക്കുവാൻ നമ്മുടെ പ്രാർത്ഥനയും പരിശ്രമങ്ങളും കൂടിയേ തീരു. കലാലയങ്ങളുടെ അന്തസ്സും ആഭിജാത്യവും പുലർത്തിപ്പോരുവാൻ നമ്മുടെ സ്കൂളുകൾക്ക് കഴിയണം. ആയതിനാവശ്യമായ സാഹചര്യം ഉളവാക്കുവാൻ നടത്തുന്ന ഉദ്യമങ്ങളിൽ നമുക്ക് പങ്കുചേരാം.

**- ചീഫ് എഡിറ്റർ**

# വിജയികൾ

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ

**ലേഖനം**

**ഐസക് സാമുവേൽ**



സുവിശേഷവേലയുടെ പ്രധാനലക്ഷ്യം നമ്മുടെ പ്രസംഗത്തിലൂടെ കേൾവിക്കാർ വിശ്വസിക്കുക എന്നതാണ്. അതുകൊണ്ടാണ് സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്കു അയ്യോ കഷ്ടം എന്ന് പൗലോസ് പറഞ്ഞത്. സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല. വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷക്കായി ദൈവശക്തിയാകുന്നുവല്ലോ. സുവിശേഷം പ്രസംഗിക്കുന്നതിൽ യഹൂദർക്കും യവനർക്കും ഞാൻ കടക്കാരൻ ആണ്. റോമർ 1:16-18 പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും ചിലർക്ക് വിഡ്ഢിത്തമായിരിക്കും. 1 കൊരി 1 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഇടർച്ച ആയിരിക്കാം. എന്നാൽ രക്ഷിക്കപ്പെടുന്നവർക്ക് അത് രക്ഷക്കായുള്ള ദൈവത്തിന്റെ ശക്തിയാണ്. അങ്ങനെ വെളിച്ചം പ്രകാശിക്കുന്നു. അതുകൊണ്ട് നമുക്ക് ദൈവത്തെക്കുറിച്ച് കൂടുതൽ അറിയാം. എന്നിരുന്നാലും വെളിച്ചമായ ക്രിസ്തു ജീവാത്മാവിൽ പതിക്കുമ്പോൾ കണ്ണിൽ പ്രകാശം പതിക്കുന്നതുപോലെ ആത്മീക ലോകത്തിലെ സകലവും കാണുവാനും മനസ്സിലാക്കുവാനും സഹായിക്കുന്നു. യോഹന്നാന്റെ അഭിപ്രായത്തിൽ വെളിച്ചമെന്നത് ജീവനാണ്. ആ നിത്യജീവൻ കർത്താവായ യേശുക്രിസ്തുവാണ്. അവനാണ് വചനം. എന്തുകൊണ്ടെന്നാൽ ദൈവം അവനിലൂടെയാണ് സംസാരിക്കുന്നത്. അവൻ ജീവനാകയാൽ ദൈവം അവനിലൂടെയാണ് ജീവൻ നല്കുന്നത്. അവൻ വെളിച്ചമാണ്. അതിനാൽ ആത്മീക ലോകത്തിലെ സകലകാര്യങ്ങളും അവനാൽ പ്രകാശിക്കപ്പെടുന്നു. അവനിലൂടെയല്ലാതെ ദൈവത്തിങ്കൽ നിന്ന് ഒരു വചനവും ഇല്ല. അവനെ കൂടാതെ ജീവനില്ല. അവനെ ഒഴിച്ചു നിർത്തിയാൽ മുഴുവൻ ഇരുട്ടാണ്. ഒന്നും മനസ്സിലാക്കാൻ കഴിയില്ല.

കർത്താവായ ക്രിസ്തുയേശു എന്ന് നാം വിളിക്കുന്ന ഈ വ്യക്തി ആരാണെന്ന് വെളിപ്പെടുത്താൻ ഉപരിതലത്തിൽ ലളിതവും എന്നാൽ ആഴത്തിലുള്ളതുമായ ചില അടിസ്ഥാനപരമായ കാര്യങ്ങൾ യോഹന്നാൻ പകർന്നു തന്നിട്ടുണ്ട്. അനന്തമായ വേഗത്തിൽ സഞ്ചരിക്കുന്ന അന്ധകാരത്തിലുള്ള സകലതിനെയും പ്രകാശിപ്പിക്കുന്ന ആത്മീക മണ്ഡലത്തിൽ തിളങ്ങുന്ന ദൈവീക ശക്തിയുടെ ജീവനുള്ള തരംഗമാണവൻ. വചനം ജീവനാണ്. അന്ധകാരത്തെ കീഴടക്കുന്ന വെളിച്ചമാണ്. വെളിച്ചത്തെ കീഴടക്കുവാൻ ഇരുളിനു കഴിയില്ലെന്ന് അഞ്ചാം വാക്യത്തിൽ കാണുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു ആത്മീകമായ എല്ലാറ്റിനെയും യഥാർത്ഥത്തിൽ വിവേചിച്ചറിയുന്നവനും ദൃശ്യമാക്കുന്നവനുമാണ്. ആത്മീക ലോകത്തെ യഥാർത്ഥത്തിൽ നിങ്ങൾക്ക് ക്രിസ്തു എന്ന വെളിച്ചത്തിലൂടെ മാത്രമേ കാണാൻ കഴിയൂ.

അവനെ കൂടാതെ എല്ലാം ഇരുണ്ടതാണ്. ക്രിസ്തുവിനെ കൂടാതെ ഈ ലോകത്തിന്റെ മതങ്ങളും മതകാര്യങ്ങളും ഇരുട്ടാണ്. ഇവിടെ അവൻ പ്രകാശത്തെ തിരിച്ചറിയുകയും ഏകദേശം ആറുപ്രാവിശ്യം ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു. ക്രിസ്തു വെളിച്ചമെന്നും വീണ്ടും പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രാരംഭ അദ്ധ്യായത്തിൽ യോഹന്നാൻ വെളിച്ചത്തെ സകലത്തിന്റെയും അടിസ്ഥാനമായും പ്രധാന ആശയമായും ആത്മീക സത്യങ്ങളുടെ അടിസ്ഥാനമായും പറഞ്ഞിരിക്കുന്നു. പ്രകാശം ആവശ്യമുള്ളിടത്തു പ്രാഥമികമായി പറഞ്ഞിരിക്കുന്നു. പ്രകാശം ചൊരിയുകയും യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനം കാണുവാനാൻ സഹായിക്കുകയും ചെയ്യുന്നു. വെളിച്ചം ഉള്ളിൽ പ്രകാശിക്കുമ്പോൾ ആരുടെയും സ്വഭാവം വെളിപ്പെടുത്തും. വെളിച്ചം പ്രകാശിക്കുമ്പോൾ പാപികളുടെ സ്വഭാവവും വെളിപ്പെടും. വെളിച്ചം വിശ്വാസികളുടെ സ്വഭാവം വെളിപ്പെടുത്തും. മാത്രമല്ല ഇത് ദൈവത്തിന്റെ സ്വഭാവത്തെയും മനുഷ്യർക്ക് വെളിപ്പെടുത്തും. പ്രകാശത്തിന്റെ വരവ് ഇരുട്ടിനെ പുറംതള്ളുന്നു.

യോഹന്നാന് ഇവിടെ ഒരു സുവിശേഷലക്ഷ്യമുണ്ടെന്ന് ഓർക്കുക. യോഹന്നാൻ ലേഖനത്തിന്റെ അവസാനത്തിങ്കൽ പറയുന്നത്. യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവനുണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു എന്നാണ്. അതിനാൽ ഇതൊരു രക്ഷാപ്രവർത്തനമാണ്. ഇതൊരു സുവിശേഷ പുസ്തകമാണ്. നാം രക്ഷിക്കപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നു. സുവിശേഷം എന്തെന്ന് മനസ്സിലാക്കിയാൽ മാത്രമെ അതിനു സാധിക്കൂ. അതുകൊണ്ടാണ് തുടക്കത്തിൽ തന്നെ സുവിശേഷത്തിന്റെ അടിസ്ഥാന ആശയങ്ങൾ വെളിപ്പെടുത്തുന്ന വെളിച്ചത്തെക്കുറിച്ച് യോഹന്നാൻ പ്രതിപാദിക്കുന്നത്.

# TMM ആശുപത്രി നവതിയുടെ ആഘോഷത്തിൽ



















# തിരുവല്ല മെഡിക്കൽ മിഷന്റെ ഉത്പത്തിയും പുറപ്പാടും

**തിരുവല്ല:** മധ്യതിരുവിതാംകൂറിൽ കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മനുഷ്യസ്നേഹിയും ദൈവഭക്തനുമായ ഒരു വ്യക്തിയായിരുന്നു ദിവാൻ ബഹാദൂർ ഡോ. വി. വർഗീസ്. അദ്ദേഹം പഴയ കൊച്ചി സംസ്ഥാനത്തിലെ ഔദ്യോഗിക ഭിഷഗ്വരനായിരുന്നു. 1935 ൽ, മധ്യതിരുവിതാംകൂറിലെ ജനതയുടെ ശാരീരിക പരിരക്ഷണത്തിനു വേണ്ടി ഒരാശുപത്രി തുടങ്ങണമെന്ന് അദ്ദേഹം തീരുമാനിച്ചു. അങ്ങനെ 6 കിടക്കകളുമായി അദ്ദേഹം തിരുവല്ലയിലെ ഒരു കുന്നുംപുറത്തു ഒരു ആതുരാലയത്തിനു തുടക്കം കുറിച്ചു അതാണ് തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന്റെ (TMM) ഉല്പത്തിക്കഥ. മധ്യതിരുവിതാംകൂറിൽ രോഗീപരിചരണ സംവിധാനങ്ങൾ തുലോം പരിമിതമായിരുന്ന ഒരു കാലയളവായിരുന്നു അത്.

വാർധക്യത്തിലേക്കു പദമൂന്നി തുടങ്ങിയപ്പോൾ, ഡോക്ടർ വർഗീസിന് ഈ സ്ഥാപനം ഒറ്റയ്ക്ക് നോക്കി നടത്തുന്നത് ബുദ്ധിമുട്ടായി മാറി. അങ്ങനെയാണ് അറ ദശാബ്ദത്തിനു ശേഷം സ്കോട്ലൻഡുകാരനായ മെഡിക്കൽ മിഷനറി ഡോക്ടർ RS ചർച് വേർഡിനു ഈ ചെറിയ സ്ഥാപനം കൈമാറുന്നത് അത് 1940 ൽ. സായിപ്പിന്റെ ആശുപത്രി എന്ന് അങ്ങനെ ഈ സ്ഥാപനം പിന്നീട് അറിയപ്പെടാൻ തുടങ്ങിയത്. ഡോക്ടർ ചർച്ച വെർഡിനോടൊപ്പം ഭാരതത്തെ സേവിക്കുവാൻ ദൈവനിയോഗം ഏറ്റെടുത്ത നിരവധി മനുഷ്യസ്നേഹികൾ പിൽക്കാലത്തു ഈ മെഡിക്കൽ മിഷൻ ആശുപത്രിയിലേക്ക് പ്രവഹിക്കുവാൻ തുടങ്ങി. നിരവധി മിഷനറിഡോക്ടർമാരും നഴ്സിംഗ് വിദഗ്ദ്ധരും അക്കൂട്ടത്തിലുണ്ടായിരുന്നു.

ഘട്ടം ഘട്ടമായുള്ള വളർച്ചയാണ് പിന്നീട് TMM നുണ്ടായിട്ടുള്ളത്. ജന സഹസ്രങ്ങളുടെ വിശ്വാസം ആർജ്ജിച്ചു സ്ഥാപനം ക്രമേണ അഭിവൃത്തിയുടെ പാതയിൽ മുന്നേറി.

ഇന്ന് തൊണ്ണൂറിൽ എത്തി നിൽക്കുമ്പോൾ ഏറ്റവുമധികം ജനസമ്മതി ആർജ്ജിച്ച ഒരു മെഡിക്കൽ സ്ഥാപനമായി ടി എം എം ഉയർന്നു കഴിഞ്ഞു.

**വികസന വഴിയിലെ ചില പ്രധാനപ്പെട്ട നാഴികക്കല്ലുകൾ താഴെപ്പറയുന്നവയായിരുന്നു.**

**1935:** സാധാരണക്കാരനായ ഒരു മനുഷ്യന് ദൈവം നൽകിയ അസാധാരണമായ ഒരു ദർശനം പൂവണിയുന്നു. കൊച്ചി സംസ്ഥാനത്തു ഭിഷഗ്വരനായിരുന്ന ദിവാൻ ബഹാദൂർ ഡോക്ടർ വി വർഗീസ് 6 കിടക്കകളോടെ ഒരു ചെറിയ ആശുപത്രിക്കു തുടക്കം കുറിച്ചു. ചുറ്റുവട്ടങ്ങളിലുള്ള സാധാരണക്കാരുടെ വിങ്ങലുകളിൽ, നന്മയുടെ നറുലേപനം പുരട്ടുക വഴി, ദൈവസ്നേഹം പ്രകടമാക്കുക എന്നതായിരുന്നു തന്റെ ലക്ഷ്യം.

**1940:** സ്ഥാപനത്തിന് കൂടുതൽ കുതിപ്പേകുവാനായി ഡോക്ടർ വി വർഗീസ് ആശുപത്രിയുടെ ചുമതല പൂർണ്ണമായും ഡോക്ടർ RS ചർച് വേർഡിനു കൈമാറി. രംഗത്തെത്തുന്നത് അങ്ങനെയാണ്. സേവനത്തിന്റെ ഗ്രാഫ് മുകളിലേക്കുയർന്നു. മിഷനറി ദർശനമുള്ള കൂടുതൽ പേർ രംഗത്തെത്തി. എക്സ് റേ മെഷീൻ കൊണ്ട് വന്നു. ശസ്ത്രക്രിയകൾ പതിവായി തുടങ്ങി.

**1943:** രോഗീപരിചരണത്തിന് പരിശീലനം ലഭിച്ചവരുടെ പരിമിതി സൃഷ്ട്ടിക്കുന്ന പ്രശ്നങ്ങൾ അവർ തിരിച്ചറിഞ്ഞു. അങ്ങനെ ഒരു നഴ്സിംഗ് വിദ്യാഭ്യാസം TMM ൽ തുടങ്ങി. കേരളത്തിൽ പ്രൈവറ്റ് സെക്ടറിൽ ആദ്യത്തെ നഴ്സിംഗ് സ്കൂൾ ടി എം എം ൽ ആരംഭിച്ചു.

**1944:** ടി എം എം ലെ ആദ്യത്തെ സീസ്സറിയൻ ശസ്ത്രക്രിയ വിജയകരമായി നടന്നു. ക്രമേണ ഗൈനക്കോളജി എന്നത് ടി എം എമ്മിന്റെ ഒരു പര്യായപദമായി തീർന്നു.

**1945:** പ്രവർത്തന മേഖല വികസിപ്പിക്കുന്നതിന് ഭാഗമായി വാഴൂരിൽ ഒരു ബ്രാഞ്ച് ആശുപത്രിക്കു തുടക്കം കുറിച്ചു.

**1947:** അടുത്ത ശാഖ റാന്നി മന്നമരുതിയിൽ ആരംഭിച്ചു.

**1969:** വൃക്ക രോഗത്തിന്റെ തോത് വല്ലാതെ വർധിച്ചതിനെ തുടർന്ന് ടി എം എം ൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു.

**1978:** സർവ്വസജ്ജമായ ഒരു ഓപ്പറേഷൻ തിയേറ്റർ, അന്നത്തെ കേരളഗവർണർ ജ്യോതി വെങ്കടാചലം ഉൽഘാടനം ചെയ്തു. ഒരു യൂണിറ്റും ആരംഭിച്ചു.

**1979:** പ്രസവം എന്ന് ചിന്തിക്കുമ്പോൾ ഒരു പര്യായപദം പോലെ ആളുകളുടെ മനസ്സിൽ TMM കടന്നുവന്നു. ഇവിടുത്തെ ഗൈനക്കോളജി വിഭാഗം പ്രചുര പ്രചാരം സിദ്ധിച്ചു. അങ്ങനെയാണ് പ്രത്യേകമായി പ്രസവ വാർഡ് ആരംഭിച്ചത്.

**1980:** വിദേശികൾ മടങ്ങി പോവുകയും ആശുപത്രിയുടെ ചുമതല പൂർണ്ണമായും മലയാളികളുടെ തോളിലാവുകയും ചെയ്തു. ആദ്യത്തെ ഡയറക്ടർ ആയി ഡോ. കുഞ്ഞപ്പൻ ജോൺ ചുമതലയേറ്റെടുത്തു. തുടർന്ന് ഡോ. K N നമ്പൂതിരിപ്പാട് ഉൾപ്പെടെയുള്ള പ്രഗത്ഭന്മാർ TMM നു നേതൃത്വം നൽകി.

തുടർന്നുള്ള നാല് ദശാബ്ദങ്ങളിൽ, വികസനങ്ങൾ ഒന്നൊന്നായി ടി എം എം ൽ ഉരുത്തിരിഞ്ഞു വന്നു. വിവിധ ഡിപ്പാർട്മെന്റുകൾ തുടങ്ങി. ടി എം എമ്മിനെ ഒരു മൾട്ടിസ്പെഷ്യലിറ്റി ആശുപത്രി ആക്കി ഉയർത്തി. ഇപ്പോൾ ANAESTHESIOLOGY, CARDIOLOGY, COMMUNITY MEDICINE, CRITICAL CARE, DENTAL, DERMATOLOGY, EMERGENCY MEDICINE, ENDOCRINOLOGY, ENT, GASTRO, GENERAL MEDICINE, GENERAL SURGERY, GYNAECOLOGY, HOME HEALTHCARE SERVICES, MEDICINE, MICROBIOLOGY, NEONATOLOGY, NEPHROLOGY, NEUROLOGY, OPHTHALMOLOGY, ORTHOPEDIC, PAEDIATRIC, PATHOLOGY, PSYCHIATRY(BM), PULMONOLOGY, RADIATION ONCOLOGY, RADIOLOGY, SURGERY- (PS), UROLOGY എന്നിങ്ങനെ പ്രഗ്ഌഭമായ 29 ഡിപ്പാർട്മെന്റുകൾ ഇവിടെയുണ്ട്.

**2004:** TMM കോളേജ് ഓഫ് നഴ്സിംഗ് പ്രവർത്തനം ആരംഭിചു. BSc നഴ്സിംഗ്, MSc നഴ്സിംഗ് എന്നീ കോഴ്സുകളാണ് തുടങ്ങിയത്.

**2010:** അത്യാധുനിക പരിശോധനകളുടെയും ചികിത്സയുടെയും ഒരു നവയുഗാരംഭം എന്ന നിലയിൽ ബെഥേസ്ദ ടവർ 4 നിലകളിലായി പ്രവർത്തനം ആ രംഭിച്ചു.

**2018:** TMM ന്റെ തനതു ക്രിസ്തുമസ് നവവത്സരദിനാഘോഷമായി 'ഒലിവു ചില്ലകൾ പൂക്കുമ്പോൾ' എന്ന പരിപാടി ആരംഭിച്ചു. TMM ലെ സ്റ്റാഫിന്റെ ഒത്തൊരുമയും പ്രൊഫെഷണലിസവും പ്രകടിപ്പിക്കുന്ന ഒരു കുടുംബഘോഷദിനമായി ഇത് മാറി.

**2020:** മൂന്ന് ലക്ഷത്തിലധികം പ്രസവം TMM ൽ നടന്നത്തോടെ ആശുപത്രി ജന്മസുകൃതം എന്ന പരിപാടി സംഘടിപ്പിച്ചു.

**2022:** ബെഥേസ്ദ ടവർ 8 നിലകളിലായി പണി പൂർത്തിയാക്കി. ഏറ്റവും നവീനമായ സൗകര്യങ്ങളും സജ്ജീകരണങ്ങളുമുള്ള ആശുപത്രിയായി TMM നെ ഉയർത്തിയെടുത്തു.

**2023:** കോളേജ് ഓഫ് നഴ്സിംഗ് വിജയകരമായി മുന്നേറിത്തുടങ്ങിയപ്പോൾ, 75 ബാച്ചുകൾക്കു ശേഷം സ്കൂൾ ഓഫ് നേഴ്സിങ് നിർത്തുവാൻ തീരുമാനിച്ചു.


**2024:** ആധുനികമായ കാത്‌ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ നവീകരിച്ച കാർഡിയോളജി ഡിപ്പാർട്മെന്റ് പ്രവർത്തനക്ഷമമായി. പുതിയ ഓപ്പറേഷൻ തീയേറ്ററുകൾ തുറന്നു.

**2025:** നവതി ആഘോഷങ്ങൾ ആരംഭിച്ചു.

കാലികമായ വികസപരിണാമങ്ങൾ TMM ലും ഉണ്ടായി. ചികിത്സയുടെ നവീനമാനങ്ങൾ ടി എം എം എത്തിപ്പിടിച്ചു. ആധുനികതയുടെ കൈപിടിച്ചപ്പോഴും പൂർവികരുടെ ദർശനത്തോട് എല്ലാ നിലയിലും കൂറ് പുലർത്തി. 90 വർഷങ്ങളുടെ പൗരാണികതയുണ്ടെങ്കിലും 30 ന്റെ ഊർജ്ജസ്വലതയോടെ ടി എം എം പ്രവർത്തനങ്ങൾ മുന്നേറുന്നു.

**TMM** യാത്ര തുടരുകയാണ്, സത്യസന്ധതയുടെ സന്മാർഗ വീഥിയിലൂടെ.



# പ്രത്യാശ തീരത്ത്

### ബ്രദർ ജോസ് ലാൽ എം



**പത്തനംതിട്ട:** മുണ്ടുകോട്ടക്കൽ ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജോസ് ലാൽ എം (62) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഡിസംബർ 31 ന് മുണ്ടുകോട്ടക്കൽ ബ്രദറൺ സെമിത്തേരിയിൽ നടത്തി.

**ഭാര്യ:** സിസ്റ്റർ വത്സ ജോസ് ലാൽ

**മക്കൾ:** ബ്രദർ ജോ, സിസ്റ്റർ ജോസ്ലിൻ, സിസ്റ്റർ ജിജിലിൻ, സിസ്റ്റർ സോണിയ, ബ്രദർ സന്തോഷ്.

### സിസ്റ്റർ മേരി ജോർജ്ജ്



**അരമട:** അരമട ബ്രദറൺ അസംബ്ലി അംഗം ബ്രദർ ടി. എം. ജോർജ്ജിന്റെ ഭാര്യ സിസ്റ്റർ മേരി ജോർജ് (76) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഡിസംബർ 31 ന് അരമട ബ്രദറൺ സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

**മക്കൾ:** സിസ്റ്റർ മേഴ്സി തോമസ് & ബ്രദർ പ്രിൻസ് തോമസ്, ബ്രദർ ജോർജ്ജ് & സിസ്റ്റർ ജോയ്സ് സാമുവൽ.

### സിസ്റ്റർ അന്നമ്മ സെൻമോൻ



**പത്തനംതിട്ട:** ചന്തുകാവ് ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ അന്നമ്മ സെൻമോൻ(മിനി-49) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ജനുവരി 11 ന് ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടത്തി.

**മക്കൾ:** ബ്രദർ മെൽവിൻ ജോസഫ് സെൻമോൻ, ബ്രദർ ഏഡ്വൻ ജോസഫ് സെൻമോൻ.

### സിസ്റ്റർ സി.സി മോളു



**തൃശൂർ:** പഴഞ്ഞിയിലെ എബനേസർ ബ്രദറൺ പള്ളി അംഗം പരേതനായ ഇവാ. പി. സി. കൊച്ചുണ്ണിയുടെ ഭാര്യ സിസ്റ്റർ സി. സി. മോളു (71) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ജനുവരി 14 ന് പഴഞ്ഞിയിലെ എബനേസർ ബ്രദറൺ ചർച്ചിൽ സംസ്കരിച്ചു.

### സിസ്റ്റർ മിറയാമ്മ ജോർജ്



**മല്ലപ്പള്ളി:** മുരണി ബ്രദറൺ സഭാംഗമായ കുടപ്പനയ്ക്കൽ വീട്ടിൽ പരേതനായ ജോർജിന്റെ ഭാര്യ സിസ്റ്റർ മറിയാമ്മ ജോർജ് (95) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ജനുവരി 7 ന് സഭാസെമിത്തേരിയിൽ നടത്തി.

### ബ്രദർ ബേബി എം. മത്തായി



**എളന്തൂർ:** എളന്തൂർ-പരിയാരം ബ്രദറൺ അസംബ്ലി അംഗം ബ്രദർ ബേബി എം. മത്തായി (89) ജനുവരി 2 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

**ഭാര്യ:** പരേതയായ സിസ്റ്റർ അന്നമ്മ മത്തായി.

**മക്കൾ:** ബ്രദർ ജോൺ മത്തായി, സിസ്റ്റർ ഷേർളി മത്തായി.


### സിസ്റ്റർ വത്സല ജോർജ്



**കുഴിക്കണ്ടം:** എബനേസർ ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജോർജ്കുട്ടിയുടെ ഭാര്യ സിസ്റ്റർ വത്സല ജോർജ് (64) ജനുവരി 2 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ജനുവരി 3 ന് കൊല്ലം പോളയത്തോട് ബ്രദറൺ സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

**മക്കൾ:** സിസ്റ്റർ ജിജി.

### ബ്രദർ ജേക്കബ് തോമസ്



**ബാംഗ്ലൂർ:** ബാംഗ്ലൂരിലെ കാമനഹള്ളിയിലുള്ള ബെഥേൽ അസംബ്ലിയുടെ സ്ഥാപക അംഗങ്ങളിലും മൂപ്പന്മാരിലും ഒരാളായ ബ്രദർ ജേക്കബ് തോമസ് (അപ്പുക്കുട്ടൻ-86) ജനുവരി 10 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

**ഭാര്യ:** സിസ്റ്റർ എസ്തർ ജേക്കബ്

**മക്കൾ:** ബ്രദർ സ്റ്റെയിൻലി & സിസ്റ്റർ ലവ്‌ലി, ബ്രദർ ഗോഡ്‌ലി & സിസ്റ്റർ മരിയൻ.

### സിസ്റ്റർ പൊന്നമ്മ എം. കെ



**മൂവാറ്റുപുഴ:** ആരക്കുഴ ബ്രദറൺ ചർച്ച് അംഗമായ ഇവാ. രാജൻ എം എ.യുടെ അമ്മ സിസ്റ്റർ പൊന്നമ്മ എം കെ.(84) ജനുവരി 13 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.ശവസംസ്കാര ശുശ്രൂഷ 14 ന് കടത്തിയിലെ ക്രിസ്ത്യൻ ബ്രദറൺ പള്ളിയിലെ സെമിത്തേരിയിൽ നടത്തി.

**മക്കൾ:** ഇവാ. രാജൻ എം എ & സിസ്റ്റർ ലിസ്സമ്മ രാജൻ, സിസ്റ്റർ മോളി.

### സിസ്റ്റർ ശ്യാമള



**ബലരാപുരം:** ശാന്തിപുരം (തെമ്പാമൂട്ടം) ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ ശ്യാമള (65) ജനുവരി 9ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ജനുവരി 10 ന് റസ്സൽപുരത്ത് സെമിത്തേരിയിൽ സംസ്കരിച്ചു.

**മക്കൾ:** സിസ്റ്റർ രാജി, സിസ്റ്റർ ജിജി, ബ്രദർ ഗ്രേസൺ.

### സിസ്റ്റർ എലിസബത്ത് ചാക്കോ



**പായിപ്പാട്:** പാമല ബ്രദറൺ സഭാംഗമായ മൂലയിൽ വീട്ടിൽ പരേതനായ ജോർജിന്റെ ഭാര്യ സിസ്റ്റർ എലിസബത്ത് ചാക്കോ (79) കർത്തൃസന്നിയിധിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ 30 ന് പാമല സഭാസെമിത്തേരിയിൽ നടത്തി.

**മക്കൾ:** ബ്രദർ സൂരജ് എം. സിസ്റ്റർ എം., ബ്രദർ മനോജ് എം., ബ്രദർ ജോൺസൻ കെ. ജോൺ, സിസ്റ്റർ ബിജിമോൾ കെ. എ., ബിന്ദു മനോജ്.

### സിസ്റ്റർ ലിസി ജോൺസൻ



**അടൂർ:** വെള്ളകരുളഞ്ഞ കനാൻ നഗറിൽ പ്രെയ്സ് വില്ലയിൽ (മുൻ ഷാർജാ ബ്രദറൺ സഭാംഗം) പരേതനായ ബ്രദർ വി. ഐ ജോൺസനിന്റെ ഭാര്യ സിസ്റ്റർ ലിസി ജോൺസൺ (62) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ 17 ന് ഓഫ് ഗോഡ് തുവയൂർ സഭാ സെമിത്തേരിയിൽ നടത്തി.

**മക്കൾ:** ബ്രദർ ജോയൽ ജോൺസൺ, സിസ്റ്റർ ജൂലി, ബ്രദർ സാംജോ എബ്രഹാം.

### സിസ്റ്റർ അമ്മിണി ഐപ്പ്



**തൃശ്ശൂർ:** പുമല ബ്രദറൺ സഭാംഗമായ പരേതനായ ഐ. പി. ഇ. യുടെ ഭാര്യ സിസ്റ്റർ അമ്മിണി ഐപ്പ് (85) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഡിസംബർ 30 ന് പുമലയിലെ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.

**മക്കൾ:** ബ്രദർ സണ്ണി, ബ്രദർ ജെയിംസ്, സിസ്റ്റർ സാലി, പരേതയായ സിസ്റ്റർ ഗ്രേസി, സിസ്റ്റർ ലിസ്സി, സിസ്റ്റർ ഡെയ്സി, ബ്രദർ തിമോത്തി, ബ്രദർ ഡേവിസ്.

### ബ്രദർ സി. കെ ജോൺ



**വെല്ലൂർ:** ബ്രദർ സി. കെ. ജോൺ (76) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ജനുവരി 20 ന് വെല്ലൂരിലെ ബ്രദറൺ അസംബ്ലി ഹാളിൽ നടത്തി.

### സിസ്റ്റർ സാറാമ്മ ഏലിയാസ്




**മാലം:** മാലം ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ സാറാമ്മ ഏലിയാസ് ജനുവരി 2 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

### സിസ്റ്റർ അന്നമ്മ വർഗീസ്



**വാളകം:** വാളകം ബ്രദറൺ ചർച്ച് സഭാംഗമായ സിസ്റ്റർ അന്നമ്മ വർഗീസ് ജനുവരി 9 ന് വ്യാഴം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ നടത്തി.

### ബ്രദർ ജോണി



**പരപ്പ:** പുന്നക്കുന്ന് ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജോണി (68) ജനുവരി 2 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ജനുവരി 3 ന് മാങ്ങോട് ബ്രദറൺ സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

**ഭാര്യ:** പരേതയായ സിസ്റ്റർ അന്നമ്മ മത്തായി.

**മക്കൾ:** ബ്രദർ ജോൺ മത്തായി, സിസ്റ്റർ ഷേർളി മത്തായി.



# പ്രാർത്ഥന – സഹായം

## സിസ്റ്റർ ഗ്ലോസി. പി. ജോയി, കരിയംപ്ലാവ്

**കരിയംപ്ലാവ്:** കരിയംപ്ലാവ് എൻ. എം. എച്ച് എസ് പ്രഥമാദ്ധ്യാപിക കല്ലിശ്ശേരി പാണ്ടനാട് പാണ്ടിശ്ശേരിൽ മിസസ്സ്. ഗ്ലോസി. പി. ജോയിയെ സ്കൂട്ടറിൽ രാവിലെ സ്കൂളിൽ പോകുന്ന വഴിയിൽ വെച്ച് കാട്ടുപന്നി ഇടിച്ച് വലതുകാലിന് ഗുരുതരമായ പരുക്കേറ്റു. തിരുവല്ല ടി. എം. എം. ഹോസ്പിറ്റലിലെ ചികിത്സയ്ക്കു ശേഷം മൂന്നു മാസത്തെ ബെഡ്റെസ്റ്റ് ആവശ്യമായിരിക്കുന്നു. ടീച്ചറിന്റെ കാലിന് എത്രയും വേഗം സുഖം പ്രാപിച്ച് ജോലിയിൽ തുടർന്ന് പ്രവേശിയ്ക്കുവാൻ ദൈവമക്കൾ പ്രാർത്ഥിയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

## ബ്രദർ ജോസ് മാത്യു, ജയ്പൂർ

**ജയ്പൂർ:** ബ്രദർ ജോസ് മാത്യുവിനു വേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹത്തിന് അനിയന്ത്രിതമായ പ്രമേഹം (429 F.B.S., Hb A1c-17) സങ്കീർണ്ണമായ പോളി ന്യൂറോപ്പതിയുമായി ക്രിയേറ്റിനിൻ (2.7) കാരണം ജനുവരി 8 ന് തിരുവല്ലയിലെ റ്റി. എം. എം. ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വേഗത്തിൽ സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## ബേബി ഐസക്ക്, ഇടുക്കി

**ഇടുക്കി:** ബേബി ഐസ ജോൺസണ്ണിനുവേണ്ടി പ്രാർത്ഥിക്കുക. ബ്രദർ ജോൺസൺ ലാസറിന്റെയും സിസ്റ്റർ ദ്രൗപതിയുടെ മകൾ ബേബി ഐസക്ക് തിരുവല്ല ടി എം എം ആശുപത്രിയിലെ പീഡിയാട്രിക്സ് ഐസിയുവിൽ ന്യൂമോണിയ ബാധിച്ച് പ്രവേശിപ്പിച്ചിരിക്കുകയാണ്. ഈ അസുഖത്തെത്തുടർന്ന് ഒരാഴ്ച മുമ്പ് ടി എം എമ്മിൽ പ്രവേശിപ്പിച്ചിരുന്നു. ബേബി ഐസക്കിനു വേണ്ടി പൂർണ്ണമായ സൗഖ്യത്തിനായി ഏവരും പ്രാർത്ഥിക്കുക.

## ബ്രദർ വി. പി. പൗലോസ്, ഹരിദാബാദ്

**ഫരിദാബാദ്:** ബ്രദർ വി. പി. പൗലോസിനായി പ്രാർത്ഥിക്കുക. ജനുവരി 2 ന് ബ്രദർ വി .പി. പൗലോസിന് യുറോസെപ്സിസും ഗ്രേഡ് V പ്രോസ്റ്റാറ്റോമെഗാലിയും തലച്ചോറിനെ ബാധിച്ചതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന് കിടക്കയിൽ നിന്ന് എഴുന്നേൽക്കാനോ നിൽക്കാനോ ബാലൻസ് ചെയ്യാനും കഴിയില്ല. ജനുവരി 3 ന് രാവിലെ അദ്ദേഹത്തിന് കുറച്ചുമെച്ചമുണ്ട്. പൂർണ സൗഖ്യത്തിനായി ഏവരും പ്രാർത്ഥിക്കുക.

## പ്രാർത്ഥന അഭ്യർത്ഥന

**മല്ലപ്പള്ളി:** മല്ലപ്പള്ളി കുളത്തുങ്കൽ കവല ബ്രദറൺ അസംബ്ലി മൂപ്പൻമാരിലൊരാളായ പി.റ്റി. മാത്യു പാറമാക്കൽ, പ്രോ സ്റ്റേറ്റ് ക്യാൻസർ ബാധിതനായി ഭാരപ്പെടുന്നു. 4 മാസങ്ങൾക്ക് മുമ്പ് തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ആരംഭിച്ച ചികിത്സ ഇപ്പോൾ കോട്ടയം മെഡിക്കൽ കോളേജിൽ തുടരുകയാണ്. ഇതര അവയവങ്ങളിലും അസ്ഥിയിലേക്കും വരെ രോഗം വ്യാപിച്ചുവെന്നാണ് ഡോക്ടേഴ്സ് റിപ്പോർട്ട്. വളരെ ക്ഷീണത്തിലും തീവ്ര വേദനയിലും കഴിയുന്ന ഈ അടിയന്തിര സാഹചര്യത്തിൽ ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**കൊട്ടാരക്കര:** കൊല്ലം ജില്ലയിലെ കാട്ടാടി ബ്രദറൺ അസംബ്ലിയുടെ സുവിശേഷകൻ എവ്. സി. ജി വർഗീസിനു വേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹത്തിന് തലച്ചോറിനോട് ചേർന്നുള്ള ഒരു നാഡിയിൽ ഒരു സിസ്റ്റ് ഉണ്ട്. ഇതിനെ വൈദ്യശാസ്ത്രപരമായി ഇടത് വെസ്റ്റിബുലാർ ഷ്വാനോമ എന്നാണ്. തിരുവനന്തപുരത്തെ ശ്രീ ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ മേജർ ശസ്ത്രക്രിയ ജനുവരി 6 ന് വിധേയനായി. ശസ്ത്രക്രിയ വിജയകരമായി പൂർത്തിയായി. ഇപ്പോൾ മെഡിക്കൽ ഐസിയുവിലേക്ക് മാറ്റി. പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**വട്ടപ്പാറ:** പരേതനായ ബ്രദർ രവീന്ദ്രൻജിയുടെ ഭാര്യ സിസ്റ്റർ ശാന്ത റോസമ്മക്ക് ഹൃദയ സംബന്ധമായ ചില പ്രശ്നങ്ങൾ കാരണം തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ (SCTIMST) പേസ്മേക്കറിന്റെ ശസ്ത്രക്രിയക്ക് വിധേയയായി. പൂർണ സൗഖ്യത്തിനായി ഏവരും പ്രാർത്ഥിക്കുക.

**മാവേലിക്കര:** ബ്രദർ വിൽസൺ കെ. തോമസിനു വേണ്ടി പ്രാർത്ഥിക്കുക. ജനുവരി 10 ന് അദ്ദേഹത്തിന് നേത്ര ശസ്ത്രക്രിയ നടത്തും നിലവിലെ ഹൃദയ സംബന്ധമായ അസുഖവും മറ്റ് ആരോഗ്യപ്രശ്നങ്ങളും കാരണം, ശസ്ത്രക്രിയയ്ക്ക് മുമ്പുള്ള നിരവധി ചികിത്സകൾ നടത്തിയിട്ടുണ്ട്. എത്രയും വേഗം സൗഖ്യമാവാൻ പ്രാർത്ഥിക്കുക.

## മാസ്റ്റർ നാഥൻ പ്രവീണിൻ, ഓസ്ട്രേലിയ

**ഓസ്ട്രേലിയ:** മാസ്റ്റർ നാഥൻ പ്രവീണിനു വേണ്ടി പ്രാർത്ഥിക്കുക. മാസ്റ്ററിന്റെ കാലിന്റെ അസ്ഥിയിൽ കാൽമുട്ടിന് സബ്പെരിയോസ്റ്റിയൽ അബ്സെസ് പഴുപ്പ് അടിഞ്ഞുകൂടുന്നതായി ഡോക്ടർമാർ കണ്ടെത്തി. ബ്രിസ്ബേനിലെ ഒരു പീഡിയാട്രിക് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. അതിനാൽ ജനുവരി 8 ന് ശസ്ത്രക്രിയ്ക്ക് വിധേയനായി. ദൈവകൃപയാൽ ആ ശസ്ത്രക്രിയ നന്നായി നടന്നു. അദ്ദേഹത്തെ മുറിയിലേക്ക് കൊണ്ടുവന്നു. കൂടുതൽ പരിശോധനയ്ക്കായി സാമ്പിൾ അയച്ചിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെയും മൊബിലിറ്റി വിലയിരുത്തലിന്റെയും കൂടുതൽ ഡോസുകൾക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. പൂർണമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## പ്രാർത്ഥന സഹായം

**ഏനാത്ത്:** കൈതപ്പറമ്പ് ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ നിലവിലുള്ള സഭാ കെട്ടിടം ഏകദേശം 42 വർഷം പഴക്കമുള്ളതാണ്. പുതിയ ഒരു സഭാഹാൾ ഉണ്ടാക്കുവാൻ ഭാരിച്ച ചിലവ് വരുന്നതിനാൽ നിലവിലുള്ള കെട്ടിടത്തിന്റെ ഭിത്തി നിലനിർത്തിക്കൊണ്ട് മേൽക്കൂരയും മറ്റും അനുബന്ധ ജോലികളും പൂർത്തിയാക്കുവാൻ ആഗ്രഹിക്കുന്നു. അതിന് ഏകദേശം 10 ലക്ഷത്തോളം രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ കൈകളിൽ ഉള്ള തുക ഇതിന് അപര്യാപ്തമാകയാൽ ആയതിലേക്ക് ദൈവജനത്തിന്റെ പ്രാർത്ഥനയും സാമ്പത്തിക സഹകരണവും അഭ്യർത്ഥിക്കുന്നു.

Account Name: Christian Brethren Church, Kaithaparambu
Account No: 40365101081835
Branch: Ezhamkulam
IFSC Code: KLGB0040365
MICR Code:691480056

## കെയറിംഗ് ഹാൻഡ് കരുണയിൻ കരം

**പേരൂർക്കട:** പ്രിയദൈവമക്കളേ, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ സ്നേഹ വന്ദനം! 2023 ജനുവരിയിൽ ചില സഹോദരങ്ങൾ സഹായം ആവശ്യമുള്ള വിശ്വാസികളെ പിന്തുണയ്ക്കാനായി ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു. ഈ സംരംഭം വളർന്നു, 2023 ഡിസംബറിൽ കെയറിംഗ് ഹാൻഡ് സ്ഥാപിതമായി.


മറ്റ് സംഘടനകൾ പിന്തുണയ്ക്കാത്ത സാമ്പത്തിക സഹായങ്ങൾ ആവശ്യമുള്ള സഹോദരങ്ങൾക്ക് അല്പമായ സഹായവും പ്രാർത്ഥനയും നൽകുക എന്നതാണ് ഞങ്ങളുടെ ദൗത്യം. മെഡിക്കൽ കേസുകൾ, വീടുനിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവക്കായി ഞങ്ങൾ സഹായം നൽകുന്നുത് കൂടാതെ ഞങ്ങളുടെ സോണൽ കോർ-ഡിനേറ്റർമാരുമായും ഉപദേശക/ട്രസ്റ്റിബോർഡ് അംഗങ്ങളുമായുള്ള അവശ്യ ആലോചനകൾക്കു ശേഷം വിധവമാരായ സഹോദരിമാർക്കും പ്രത്യേക ചികിത്സ ആവശ്യമായ ചില കേസുകൾക്കും സ്ഥിരമായി മാസം തോറും സഹായ ങ്ങൾ നൽകി പോരുന്നു.

വ്യക്തികളും സഭകളും നൽ കുന്ന ഉദാരമായ സംഭാവനകളാണ് ഈ ശ്രമം സഫലീകരിക്കുവാൻ ഞ ങ്ങളെ സഹായിക്കുന്നത്. വിധവകളും പ്രത്യേക ചികിത്സാ കേസുകളും ഒഴികെ, ഏകദേശം 200-ൽ പരം പേർക്ക് സഹായം നൽകാൻ ഇതുവരെ ദൈവം ഞങ്ങളെ പ്രാപ്തരാക്കി. ദൈവത്തിന് എല്ലാ മഹത്വവും നല്കുന്നു. എന്നിരുന്നാലും ഈ ശുശ്രൂഷ തുടരാൻ ഞങ്ങൾക്കു അധിക ഫണ്ടുകൾ ആവശ്യമുണ്ട്. വ്യ ക്തികളും സഭകളും കെയറിംഗ് ഹാൻ ഡിനെ അവരുടെ പിന്തുണാ പട്ടികയിൽ ഉൾപ്പെടുത്താനും, സാധ്യമായ സംഭാവന ചെയ്യാനും ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു. 2 കൊരിന്ത്യർ 9:7 ൽ വായിക്കുന്നതു പോലെ -"അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അ രുതു; നിർബ്ബന്ധത്താലുമരുതു; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു".

നിങ്ങളുടെ സഭയിലും, കെയറിംഗ് ഹാൻഡിൽ നിന്നും ഒരു സഹായം ആവശ്യമുള്ള ആരെങ്കിലും ഉണ്ടെങ്കിൽ ഞങ്ങളെ ദയവായി അറിയിച്ചാലും.

കെയറിംഗ് ഹാൻഡ് കുടുംബത്തിലെ എല്ലാ അംഗങ്ങളും യാതൊരു രീതിയിലുമുള്ള പ്രതിഫലവും പറ്റാതെ ദൈവനാമ മഹത്വത്തിനായ് മാത്രം പ്രവർത്തിക്കുന്നതിനാൽ ഒരോ സംഭാവനയും വിശ്വസ്തതയോടെ നിവേദനത്തിന്റെ സ്വഭാവം അനുസരിച്ച് മാത്രം ഉപയോഗപ്പെടുത്തുന്നു. സാധുക്കളും ആവശ്യക്കാരുമായവരുടെ ജീവിതത്തിൽ ഒരു ചലനം സൃഷ്ടിക്കാൻ നമുക്ക് ഒന്നിച്ച് പ്രാർത്ഥിക്കാം.

You may send your donation to :
CARING HAND,
South Indian Bank, Peroorkada,
A/c No:0562073000000397,
IFSC CODE: SIBL0000562,
Swift Code:SOININ55



## സുവിശേഷ മഹായോഗം അമ്മാനൂർക്കോണം

**അമ്മാനൂർക്കോണം:** സുവിശേഷ മഹായോഗം ജനുവരി 17 വെള്ളി മുതൽ 19 ശനി വരെ വൈകുന്നേരം 6.30 മുതൽ രാത്രി 9.00 മണി വരെ അമ്മാനൂർക്കോണം ബ്രദറൺ സഭാഹാളിൽ വെച്ച് നട്ടത്തപ്പെട്ടു. സുഹോദരന്മാരായ എ. അനിലൻ (മണലി), വർഗ്ഗീസ് കുര്യൻ (പാമ്പാടി) എന്നിവരായിരുന്നു പ്രസംഗകർ. ജനുവരി 19 ശനി ഉച്ചയ്ക്ക് 2.30 ന് തുടങ്ങി വൈകിട്ട് 5.00 മണി വരെ സൺഡേ സ്കൂൾ വാർഷികം നടത്തുകയും ചെയ്തു. ABA Choir ഗാനശുശ്രൂഷയും നിർവ്വഹിച്ചു.

## ആനുവെൽ മീറ്റ് 2025 പുനലൂർ

**പുനലൂർ:** കെയറിംഗ് ഹാൻഡ് നടത്തുന്ന ആനുവെൽ മീറ്റ് ജനുവരി 25 ന് രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ പുനലൂർ എം ബി വർഷ കൺവൻഷൻ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ക്രിസ്തീയ ദാനങ്ങൾ എന്നതായിരുന്നു വിഷയം. ബ്രദർ ഫിലിപ്പ് കുട്ടിയായിരുന്നു അദ്ധ്യക്ഷത വഹിച്ചത്. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് ദൈവവചനത്തിൽ നിന്ന് ചിന്ത പങ്കുവെച്ചു.ബ്രദർ ജെയ്സൺ കെ ജോർജ്ജ് ഗാനശുശ്രൂഷ നയിച്ചു. ബ്രദർ ജോർജ്ജ് കോശി, ബ്രദർ ജെയിംസ്, വർഗീസ് ഐ. എ.എസ് (റിട്ട), ബ്രദർ ജോർജ്ജ് മാത്യു, ബ്രദർ സജീവ് വർഗീസ് എന്നിവരായിരന്നു അവതാരകർ.

## ബ്രദറൺ കൺവൻഷൻ തെള്ളിയൂരിൽ

**തെള്ളിയൂർ:** ശബരിമാങ്കൽ ബ്രദറൺ എസ്. പി. എഫ്. നോട് സഹകരിച്ചു പ്രവർത്തിക്കുന്ന പ്രാദേശിക ബ്രദറൺ സ്ഥലം സഭകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന തെള്ളിയൂർ ബ്രദറൺ കൺവൻഷൻ 2025 ഫെബ്രുവരി 4 ചൊവ്വ മുതൽ 9 ഞായർ വരെ നോയൽ ബ്രദറൺ കൺവൻഷൻ സെന്ററിൽ വെച്ച് നടക്കും. വൈകിട്ട് 6 മണി മുതൽ രാത്രി 9. മണി വരെ സുവി. എബി. കെ. ജോർജ് മല്ലശ്ശേരി, സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം, സുവി. വർഗീസ് കുര്യൻ പാമ്പാടി, സുവി. തോമസ് ജേക്കബ് കല്ലിശ്ശേരി, ബ്രദർ. ഐസക് മണ്ണൂർ തിരുവല്ല എന്നിവരാണ് പ്രസംഗകർ. കൂടാതെ സുവിശേഷയോഗങ്ങൾ, ബൈബിൾ ക്ലാസ്, മിഷനറി കോൺഫ്രൻസ്, സോദരീസമാജം, സമ്മേളനം പരസ്യ യോഗങ്ങൾ, എസ്. ബി. എസ്./വൈ. എം. ഇ. എഫ്. സമ്മേളനം, സംയുക്ത ആരാധന എന്നിവ പ്രധാന ശുശ്രൂഷകൾ ഉണ്ടായിരിക്കും.

## വൈ. എം. ഇ. എഫ് ND ട്രസ്റ്റ് വാളകം

**വാളകം:** വൈ. എം. ഇ. എഫ് (ND ട്രസ്റ്റ്) വാളകം പാണ്ടിക്കുടി എബനേസർ ബ്രദറൺ സഭാഹാളിൽ വെച്ച് 2025 ജനുവരി 11 ശനി രാവിലെ 9.30 മുതൽ 1.30 വരെ നടത്തപ്പെട്ടു. "ശുദ്ധവും നിർമ്മലവുമായുള്ള ദൈവഭക്തി" (യാക്കോ.1:27) എന്ന വിഷയത്തെ ആസ്പദമാക്കി വചനശുശ്രൂഷ സുവി. ബിജു കെ. ആലടി നിർവഹിച്ചു.

## മഹായോഗവും സംഗീത ശുശ്രൂഷയും

**സൂര്യാ കവല:** ആർപ്പൂക്കര ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സുവിശേഷ മഹായോഗവും സംഗീത ശുശ്രൂഷയും 2025 ജനുവരി 25, 26 തീയതികളിൽ വൈകുന്നേരം 5.30 മുതൽ രാത്രി 8.00 മണി വരെ കരിപ്പൂത്തട്ടിനു സമീപം സൂര്യാ കവലയിൽ നടത്തപ്പെടുന്നു. ബ്രദർ എബി കെ ജോർജ്ജ് മല്ലശ്ശേരി, ബ്രദർ ബിജു മാത്യു കല്ലിശ്ശേരി എന്നിവരാണ് പ്രസംഗകർ. ബ്രദർ ജെയിംസ് ജോൺ തോട്ടപ്പള്ളി, ബ്രദർ ക്ലീറ്റസ് ചാണ്ടപ്പിള്ള കോട്ടയം, ബ്രദർ ജോൺസൺ വൈക്കം എന്നിവരുടെ ഗാനശുശ്രൂഷയും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക:
സുവി : ബിജു വർഗ്ഗീസ് - 9447850781.

## സുവിശേഷ മഹായോഗം നടത്തി

**ഊരൂട്ടമ്പലം:** സുവിശേഷ മഹായോഗം ജനുവരി 2 വ്യാഴം വൈകിട്ട് 6.30 മുതൽ 9.00 മണി വരെ ഊരൂട്ടമ്പലം വാസന്തി ആഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. സുവി. റ്റി. പി. കനകരാജ് പ്രസംഗിച്ചു. ശാലേം ഗോസ്പൽ വോയ്സ് തിരുവനന്തപുരം ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## തിരുവചന ധ്യാനവും സംഗീത ശുശ്രൂഷയും

**ഇടയ്ക്കാട്:** ഇടയ്ക്കാട് കുടുംബം യൂത്ത് വിംഗിന്റെ ആഭിമുഖ്യത്തിൽ തിരുവചന ധ്യാനവും സംഗീത ശുശ്രൂഷയും ജനുവരി 5 ഞായർ വൈകിട്ട് 6 മുതൽ 9 വരെ ഇടയ്ക്കാട് ഐ. പി.സി. എബനേസർ ചർച്ചിൽ വെച്ച് നടത്തപ്പെട്ടു. ജോൺസൺ അടൂർ & ടീം സംഗീത ശുശ്രൂഷയും നിർവഹിച്ചു. പാസ്റ്റർ ജിഫി യോഹന്നാൻ (എറണാകുളം) ആയിരുന്നു മുഖ്യ പ്രഭാഷകൻ.

## ബൈബിൾ ക്ലാസ്സ് നടത്തി

**വാളകം:** 2025 ജനുവരി 17, 18, 19 (വെള്ളി. ശനി, ഞായർ) എന്നീ തീയതികളിൽ വൈകിട്ട് 6.30 മുതൽ 9.00 മണി വരെ വാളകം ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ വെച്ച് "പ്രതികരിക്കുന്ന ദൈവം" എന്ന വിഷയത്തെ ആസ്പദമാക്കി ബൈബിൾ ക്ലാസുകൾ നടത്തിയത്. ബ്രദർ ജോർജ്ജ് മാത്യുവാണ് ക്ലാസുകൾ നയിച്ചത്.

## സുവിശേഷയോഗം ഞാറക്കവല

**ഇടുക്കി:** ഇടുക്കി-ഞാറക്കവല ബ്രദറൺ ഹാൾ അങ്കണത്തിൽ ജനുവരി 17, 18 (വെള്ളി, ശനി) തീയതികളിൽ രാവിലെ 10.30 മുതൽ ബൈബിൾ ചർച്ചകൾ, സാക്ഷ്യങ്ങൾ, മിഷണറി മീറ്റിംഗ്, ഫാമിലി കൗൺസിലിംഗ് എന്നിവയും വൈകുന്നേരം 6.30 മുതൽ 9 മണി വരെ സുവിശേഷയോഗങ്ങളും നടത്തപ്പെട്ടു. ബ്രദർ ബിജു മാത്യു കാനഡ, ബ്രദർ ജോർജ്ജ് മാത്യു കാനഡ, സുവി. കുഞ്ഞുമോൻ തോട്ടപ്പള്ളി, സുവി. ഷൈജു യോഹന്നാൻ പൂയപ്പള്ളി എന്നിവരായിരുന്നു. പ്രസംഗകർ. ബ്രദർ ഷാജൻ പുതുപ്പള്ളി, ബ്രദർ ശിവദാസൻ കെ. ഐ, ബ്രദർ റ്റി. ജെ. തോമസ്, ബ്രദർ എമിൽ സുധി, ബ്രദർ റോബിൻ എന്നിവരുടെ ഗാനശുശ്രൂഷയും ഉണ്ടായിരുന്നു.

## പൂമല സുവിശേഷ യോഗങ്ങൾ നടത്തി

**പൂമല:** 2025 ജനുവരി 10 വെള്ളി മുതൽ 12 ഞായർ വരെ പൂമല അഞ്ചീട്ടി സെന്ററിൽ വെച്ച് സുവിശേഷയോഗങ്ങൾ നടത്തപ്പെട്ടു. വൈകിട്ട് 6.30 മുതൽ സുവിശേഷകൻമാർ ചാണ്ടപ്പിള്ള ഫിലിപ്പ്, ബിജു ചുവന്നമണ്ണ് എന്നിവരാണ് സന്ദേശം നൽകിയത്. കൂടാതെ ആത്മീയ ഗാനശുശ്രൂഷയും ഉണ്ടായിരുന്നു.

## കൊട്ടാരക്കര ബ്രദറൺ കൺവൻഷൻ

**കൊട്ടാരക്കര:** കൊട്ടാരക്കയിലും പരിസര പ്രദേശങ്ങളിലുമുള്ള എഴുപതിൽപ്പരം ബ്രദറൺ സഭകളുടെ സംയുക്താഭിമുഖത്തിൽ പുലമൺ ബ്രദറൺ ഗോസ്പൽ ഹാളിൽ നടത്തിവരാറുള്ള ബ്രദറൺ കൺവൻഷൻ 2025 ജനുവരി 13 തിങ്കൾ മുതൽ 19 ഞായർ വരെ നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ഈ ആത്മീയ സംഗമത്തിന്റെ അനുഗ്രഹത്തിനായി എല്ലാ സഹോദരീ-സഹോദരന്മാരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും ദൈവനാമത്തിൽ അഭ്യർത്ഥിക്കുന്നു.

## സുവിശേഷയോഗവും സംഗീതവിരുന്നും

**പൊന്നറക്കോണം:** 2025 ജനുവരി 6 തിങ്കൾ മുതൽ 8 ബുധൻ വരെ പൊന്നറക്കോണം ബ്രദറൺ സഭാഹാളിൽ വെച്ച് വൈകുന്നേരം 6.30 മുതൽ 9.30 വരെ സുവിശേഷയോഗവും സംഗീതവിരുന്നും നടത്തപ്പെട്ടു. സുവി. എ. അനിലൻ (മണലി), സുവി. പ്രിൻസ്. പി. ജോൺ (തിരുവനന്തപുരം), സുവി. റെജി. ആർ (ചെമ്പൂർ) എന്നിവരായിരുന്നു പ്രസംഗകർ.

## ഗോൾഡൻ ജൂബിലി സമ്മേളനം

**ഊരൂട്ടമ്പലം:** സുവിശേഷകൻ ബാലസംഘം തിരുവനന്തപുരം സെന്ററിന്റെ നേതൃത്വത്തിൽ ഗോൾഡൻ ജൂബിലി സമ്മേളനം ജനുവരി 2 വ്യാഴം രാവിലെ 8.30 മുതൽ വൈകുന്നേരം 4.30 വരെ ഊരൂട്ടമ്പലം വാസന്തി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. ബ്രദർ റ്റി. പി. കനകരാജായിരുന്നു അദ്ധ്യക്ഷൻ. ബ്രദർ എബ്രഹാം തോമസ്, പുല്ലാട്, ബ്രദർ കെ. വി. മാത്യു മണ്ണാരത്തറ, ബ്രദർ ചാൾസ് ജോൺ റാന്നി എന്നിവരായിരുന്നു വിശിഷ്ടാതിഥികൾ.

## പത്തനംതിട്ട 37-ാമത് വാർഷിക സമ്മേളനം

**പത്തനംതിട്ട:** ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ 37-ാമത് വാർഷിക സമ്മേളനം പത്തനംതിട്ട സുവിശേഷാലയത്തിൽ വെച്ച് നടത്തപ്പെട്ടു. ജനുവരി 15 ബുധനാഴ്ച വൈകിട്ട് 4.30 ന് ബ്രദർ ജെയിംസ് വർഗീസ് (IAS) ഉദ്ഘാടനം നടത്തി. മുഖ്യപ്രഭാഷണം ബ്രദർ ജോർജ് കോശി മൈലപ്ര നിർവ്വഹിച്ചു. ഈ സമ്മേളനത്തിൽ അക്കാദമിയുടെ 2024ലെ അവാർഡ് ജേതാക്കൾക്ക് അവാർഡ് വിതരണവും നൽകി. ബ്രദർ കെ. എ. ഫിലിപ്പ് മൈലപ്ര (സമഗ്ര സംഭാവനയ്ക്കുള്ള വില്യം കേറി അവാർഡ്), ബ്രദർ മനു ഫിലിപ്പ് (കെ. വി. സൈമൺ സാഹിത്യ അവാർഡ്), പാസ്റ്റർ മത്തായി സാംകുട്ടി വി.(നാഗൽ കീർത്തന അവാർഡ്)എന്നിവർക്ക് അവാർഡുകൾ ലഭിച്ചു. സുവിശേഷകന്മാരും കമ്മിറ്റി അംഗങ്ങളും ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് നടത്തിയ സമ്മേളനം വിജയകരമായ നടത്തിപ്പിന് കാരണമായി.

## സുവിശേഷയോഗങ്ങളും 90-ാമത് കൺവൻഷനും

**രെഹോബോത്ത്:** 2025 ജനുവരി 16 വ്യാഴം മുതൽ 19 ഞായർ വരെ ദിവസവും വൈകിട്ട് 6.30 ന് രെബോബോത്ത്, ലാലൂർ ഹാൾ മൈതാനത്ത് വെച്ച് ക്രിസ്തുസഭ കൺവൻഷൻ 90-ാമത് സുവിശേഷയോഗങ്ങൾ നടത്തപ്പെട്ടു. ജനുവരി 17, 18 തീയതികളിലായി രാവിലെ 8.00 ന് ബൈബിൾ ക്ലാസ് ഇവാ. റെജി. കെ. തോമസ് നയിച്ചു. 18 വെള്ളി ഉച്ചതിരിഞ്ഞ് 3.00 ന് സഹോദരിമാരുടെ യോഗം സിസ്റ്റർ ഫേബാ ജെയ്ക്കബ് നിർവ്വഹിച്ചു. 19 ഞായർ രാവിലെ 10.00ന് വിശുദ്ധ സഭായോഗം ഉണ്ടായിരുന്നു. കൂടാതെ ഉച്ചതിരിഞ്ഞ് 2.30ന് സൺഡേ സ്കൂൾ-യുവജനസംഘടന സംയുക്ത വാർഷിക ആ ഘോഷം നടത്തപ്പെട്ടു. ഇവാ. റെജി. കെ തോമസ്, ഇവാ. ജെയിംസ് എം. തോമസ് എന്നിവരുടെ പ്രസംഗവും ഉണ്ടായിരുന്നു. മ്യൂസിക് ഡിവൈൻ സിങ്ങേഴ്സ് ഗാനശുശ്രൂഷ നിർവഹിച്ചു.

(തുടർച്ച പേജ് 1..)

ബൈബിൾ ക്ലാസ് ഇവയാണ് ക്യാമ്പുകളിലെ പ്രധാന പരിപാടികൾ.

ഈ ക്യാമ്പുകൾ നടത്തപ്പെട്ട സ്ഥലങ്ങളിൽ ഉള്ള ഉത്തരവാദപ്പെട്ട സഹോദരന്മാർ ഫോട്ടോ അപ്പ് നടത്തിവരുന്നു.

ദൈവത്തിന്റെ അളവറ്റ കൃപ ധാരാളം അനുഭവിക്കുവാൻ തമിഴ്നാട്ടിലെ പ്രവർത്തനത്തിലും സാധിച്ചു. തിരുവനന്തപുരം കന്യാകുമാരി പ്രദേശങ്ങളിൽ ദുരുപദേശക്കാരായ സുവിശേഷവിഹിത വിവിധ വിഭാഗങ്ങളെ ധാരാളമായി കാണുവാൻ കഴിഞ്ഞു. അതുകൊണ്ട് തമിഴ്നാട്ടിന്റെ ആവശ്യകത എന്നുള്ളത് സുവിശേഷം അറിയിക്കുന്നതോടോപ്പം തന്നെ സത്യ ഉപദേശം പഠിപ്പിച്ചു കൊടുക്കണം എന്നുള്ളതാണ്. സഹോദരന്മാർ വളരെ ഉത്സാഹത്തോടെ ഈ കാര്യത്തിൽ പ്രവർത്തിച്ചുവരുന്നു. വൈ. എം. ഇ. എഫ്. സൗത്ത് ഡിവിഷൻ പ്രവർത്തനങ്ങൾക്ക് സ്ഥലം സഭകളുടെയും സഹോദരീ സഹോദരന്മാരുടെയും പ്രാർത്ഥനയും കൈത്താങ്ങലും കൊണ്ടാണ് സാമ്പത്തിക കാര്യങ്ങൾ നിറവേറി പോരുന്നത്. തുടർന്നും ഈ വിഷയത്തെ ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തിക ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM
അക്ഷരത്തിലൂടെ ആത്മാക്കൾ

Date of Publications : 25.01.2025
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

## ബ്രദറൺ ഗോസ്പൽ മിഷൻ ചെങ്ങന്നൂർ

**ചെങ്ങന്നൂർ:** കർത്താവിൽ പ്രിയരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ എല്ലാവർക്കും സ്നേഹവന്ദനം. നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ച് ഭാരമുള്ള സമാന ചിന്താഗതിക്കാരായ സഹോദരങ്ങളുടെ കൂട്ടായ്മയാണ് ബി ജി എം. പ്രാർത്ഥിക്കാൻ ഒത്തുകൂടുകയും പ്രത്യേകിച്ച് പ്രവർത്തനങ്ങൾ ഇല്ലാത്ത പുതിയ സ്ഥലങ്ങളിൽ കർത്താവിനെ സേവിക്കുന്ന സുവിശേഷകന്മാരെ ഓർത്തു പ്രാർത്ഥിക്കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. 2012 മുതൽ ഒഡീഷയിൽ ബിജിഎം പ്രവർത്തിക്കാൻ തുടങ്ങി. 2014 ഒക്ടോബറോടെ ഒഡീഷയിലെ ക്രിസ്ത്യൻ പ്രവർത്തകർ ഇല്ലാത്ത 10 ജില്ലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. ഇപ്പോൾ നമുക്ക് 8 ജില്ലകളിൽ അസംബ്ലികളുണ്ട്. പ്രവർത്തനം ഇല്ലാത്ത 262 ബ്ലോക്കുകളിൽ പ്രവർത്തനം ഉണ്ടാകണം എന്നുള്ള ലക്ഷ്യത്തോടെ വിഷൻ 2030 പ്രോഗ്രാം ചെയ്തു. 2019 മുതൽ ഉത്തർപ്രദേശിലും 2022 ൽ രാജസ്ഥാനിലും സന്ദർശിക്കുവാൻ തുടങ്ങി. ഉത്തർപ്രദേശിൽ 4 പുതിയ അസംബ്ലി സാക്ഷ്യങ്ങൾ ആരംഭിച്ചു.

ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു, നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു, ജാതികളോടു സുവിശേഷം അറിയിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. നമ്മുടെ രക്ഷകന്റെ ത്യാഗപരമായ മരണത്തിലൂടെയും ഉയിർപ്പിലൂടെയും നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾ കണക്കിലെടുക്കുമ്പോൾ, നമ്മെ ഏൽപ്പിച്ച ഉത്തരവാദിത്തത്തെ എങ്ങനെ അവഗണിക്കാനും? ഈ മഹത്തായ നിയോഗത്തിലെ നമ്മുടെ പങ്ക് മനസ്സിലാക്കി നമ്മുടെ സൃഷ്ടാവും രക്ഷകനും ന്യായാധിപനുമായ കർത്താവിന്റെ സന്തോഷം പൂർണ്ണമാകും വിധം സംതൃപ്തിയോടും വിശ്വസ്തതയോടും കൂടെ കർത്താവിന്റെ വേലയിൽ നമുക്ക് മുന്നേറാം.



വാട്ട്സ് ആപ്പിൽ ജീവവചനം മാസിക ലഭിക്കാനായി

ജീവവചനം മാസികയുടെ പി.ഡി.എഫ് വാട്ട്സ് ആപ്പിൽ ലഭിക്കാനായി താഴെ നൽകിയിരിക്കുന്ന നമ്പറിലേക്ക് ഒരു സന്ദേശമയക്കൂ..
തികച്ചും സൗജന്യമായാണ് ഈ പി.ഡി. എഫ് ലഭ്യമാകുന്നത്.
+91 9447126182, +91 9446513555

## ബ്രദറൺ മേഴ്സി ട്രസ്റ്റ് കുമ്പനാട്

**കുമ്പനാട്:** കർത്താവിൽ പ്രിയരെ, കഴിഞ്ഞ 37 വർഷങ്ങളിലധികമായി കുമ്പനാട്ടു പ്രവർത്തിക്കുന്ന ബ്രദറൺ മേഴ്സി ഹോം എന്ന സ്ഥാപനത്തെക്കുറിച്ചു ചില വിവരങ്ങൾ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ കല്പനകളും അപ്പോസ്തലന്മാരുടെ ഉപദേശങ്ങളും ഗൗരവത്തോടെ ഉൾക്കൊണ്ട് നമ്മുടെ പിതാക്കന്മാർ 1987 മാർച്ച് 1ന് ബ്രദറൺ മേഴ്സി ഹോം എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ച് പുല്ലാട് എന്ന പ്രദേശത്ത് പ്രവർത്തനം ആരംഭിച്ചു.

പിന്നീട് 1991 മെയ് 22 മുതൽ കുമ്പനാട്ട് സ്വന്തമായി കെട്ടിടം നിർമ്മിച്ച് അവിടെ പ്രവർത്തിച്ചുവരുന്നു. സർക്കാർ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ 13 അന്തേവാസികൾ സംരക്ഷിക്കപ്പെടുന്നുണ്ട്. തിരുവല്ല മെഡിക്കൽ മിഷനിൽ നിന്ന് മെഡിക്കൽ ടീം മേഴ്സി ഹോമിൽ എത്തി രോഗികളെ പരിശോധിക്കുകയും ആവശ്യമുള്ളവരെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു ചികിത്സിക്കുകയും ചെയ്തുവരുന്നു. മാത്രമല്ല മേഴ്സി ഹോമിൽ നിന്നും മരുന്നിന്റെയും മറ്റും വിലയായി അടയ്ക്കുന്ന തുക വർഷാവസാനത്തിൽ ഒരു പ്രത്യേക പാക്കേജായി തിരികെ നല്കുന്നു എന്നതു നന്ദിയോടെ ഓർക്കുന്നു.

സുവി. ബിനു ശാമുവേലിന്റെ നേതൃത്വത്തിന്റെ ഗുഡ്ഷെപ്പേർഡ് പാലിയേറ്റീവ് കെയർ യൂണിറ്റ്, മേഴ്സി ഹോം സന്ദർശിച്ച് ആവശ്യമായ ശുശ്രൂഷകളും സഹായങ്ങളും ചെയ്യുന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു. കുമ്പനാട് സ്ഥലം സഭ മേഴ്സി ഹോമിനെ ഒരു ഭവനമായി കരുതി ആവശ്യമായ പിൻബലം നൽകികൊണ്ടിരിക്കുന്നു.

ഈ മഹത്തായ ശുശ്രൂഷയിൽ ദൈവജനത്തിന്റെ തുടർന്നുള്ള പ്രാർത്ഥനയും സഹായസഹകരണങ്ങളും അഭ്യ ർത്ഥിക്കുന്നു.

## വൈ. എം. ഇ. എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ് സുവിശേഷ ക്യാമ്പ്, ചെങ്ങാറ

**ചെങ്ങാറ:** ദൈവഹിതമായാൽ വൈ.എം. ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിന്റെ ചുമതലയിൽ പത്തനംതിട്ട ചെങ്ങാറ ബ്രദറൺ ചർച്ചിന്റെയും വൈ.എം. ഇ. എഫ്. പത്തനതിട്ട സെന്റിന്റെയും പത്തനംതിട്ട സുവിശേഷാലയത്തിന്റെയും സഹകരണത്തിൽ 2025 ജനുവരി 30 വ്യാഴം രാവിലെ 9.00 മുതൽ ഫെബ്രുവരി 1 ശനി ഉച്ചയ്ക്ക് 2 മണി വരെ പത്തനംതിട്ട ചെങ്ങാറയിൽ വച്ച് ഭവന സന്ദർശനം, ബൈബിൾ ക്ലാസ്സ്, ഗ്രൂപ്പ് പ്രാർത്ഥന, പരസ്യയോഗം, വചനധ്യാനം, രാത്രി യോഗങ്ങൾ എന്നിവ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പത്തനംതിട്ട സുവിശേഷാലയത്തിൽ താമസ സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഭവനസന്ദ ർശത്തിനായി സുവിശേഷാലയത്തിൽ നിന്നും രാവിലെ 8.00 മണിക്ക് പുറപ്പെടുന്നതാണ്. ഈ സുവിശേഷ പ്രവർത്തനത്തിലേക്ക് സുവിശേഷ തല്പരരായ എല്ലാ സഹോദരന്മാരും കടന്നുവരികയും പ്രാർത്ഥനയിലും സാമ്പത്തിക ആവശ്യങ്ങളിലും കൂട്ടായ്മ കാണിക്കുകയും ചെയ്യണമെന്ന് വിശേഷാൽ അഭ്യർത്ഥിക്കുന്നു.

## ബ്രദറൺ എസ് പി. എസ്. എഫ് 65-ാമത് വാർഷിക റിപ്പോർട്ട്

**തടിയൂർ:** മിഷനറി എഡ്വിൻ ഹണ്ടർ നോയൽ തന്റെ കേരളത്തിലെ പ്രവർത്തനകാലത്ത് സാമ്പത്തികമായും സാംസ്കാരികമായും പിന്നോക്കം നിൽക്കുന്നവരുടെ മദ്ധ്യത്തിൽ പ്രത്യേകം ഊന്നൽ നൽകി പ്രവർത്തിച്ചതിന്റെ ഫലമായി അനേക സുവിശേഷകൻമാരെ ശുശ്രൂഷാരംഗത്തേക്ക് കടന്നുവന്നു. അദ്ദേഹത്തിന്റെ മരണത്തിന് ശേഷം മിസ്സസ്സ് ജൂലിയ നോയൽ സുവിശേഷകൻമാർക്കുള്ള സഹായം തുടർന്നുകൊണ്ടിരുന്നു. ആ മഹതി 1956 ൽ സ്വദേശമായ ന്യൂസിലന്റിലേക്ക് മടങ്ങി പോയതിനെ തുടർന്ന് മിഷനറിമാരായ. GL ഫൗണ്ടൻ Dr. ഗിൽമൂർ ഡേവീസ്, G.W. പെയ്ൻ, M.S. ലിഡിൽ എന്നിവരും ദൈവദാസന്മാരെ സഹായിച്ചിരുന്നു. ഇതിനോടകം സുവിശേഷതൽപരരായ ചില പിതാക്കൻമാർ മുൻകൈ എടുത്ത് സുവിശേഷകൻമാരുടെ ശുശ്രൂഷകൾക്ക് കൈത്താങ്ങൽ നൽകുന്നതിന് 1947-ൽ ‘സുവിശേഷ പ്രചരണ ഫണ്ട് എന്ന ഒരു ചെറിയ ഫണ്ടിന് രൂപം നൽകി.

സഭകളുടെയും വ്യക്തികളുടെയും ആത്മീക പ്രസ്ഥാനങ്ങളുടെയും സംഭാവനയാണ് ഫണ്ടിന്റെ മുഖ്യവരവിനങ്ങൾ.

എല്ലാ മാസത്തിന്റെയും ഒടുവിലത്തെ ശനിയാഴ്ച നടക്കുന്ന സുവിശേഷകന്മാരുടെ യോഗത്തിലാണ് സഹായം വിതരണം ചെയ്യുന്നത്. സുവിശേഷകൻമാരായിരുന്നവരുടെ വിധവമാർക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂട്ടായ്മ മാസം തോറും കൊടുക്കുവാൻ ഇടയാകുന്നു. നിർദ്ദിഷ്ടദാനങ്ങളാണ് സഭാഹാൾ പുനരുദ്ധാനത്തിനും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്കും ചെലവഴിക്കുന്നത്.

ഫണ്ടിന്റെ പ്രതികൂല സാഹചര്യത്തിൽ ദൈവദാസന്മാരെ സഹായിച്ചിരുന്ന ശ്രീ. ഏബ്രഹാം മാത്യു അവറുകളോടുള്ള നന്ദി അറിയിക്കുന്നു. പി. വി. ജോർജ്ജ് മെമ്മോറിയൽ ട്രസ്റ്റിൽ നിന്നും റിപ്പോർട്ട് വർഷം 4 പ്രാവശ്യം വിതരണത്തിനായി സഹാ യം ലഭിച്ചു. ഡോ. സൈമൺ ജോർജ്ജിനോടും കുടുംബത്തോടുമുള്ള നന്ദി അറിയിക്കുന്നു.

ഫണ്ടിന്റെ ചുമതലയിലും വൈ. എം. ഇ. എഫ്. ശബരിമാങ്കൽ സെന്ററിന്റെ ചുമതലയിലും വിവിധ സ്ഥലങ്ങളിൽ ഏകദിന പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. 27-ാം മത് സംയുക്ത കൺവൻഷൻ നോയൽ ബ്രദറൺ കൺവ ൻഷൻ സെന്ററിൽ വച്ച് നിർവ്വഹിച്ചു.

സഭാഹാളുകളുടെ നിർമ്മാണം, പഴയസഭാഹാളുകളുടെ പുനരുദ്ധാരണം എന്നിവ സ്റ്റുവാർഡ്സ് അസോസിയേഷൻ മുൻകൈ എടുത്ത് നിർവ്വഹിച്ചു വരുന്നു. ഓഫീസ് തടിയൂരിൽ പ്രവർത്തിക്കുന്നു. ഫണ്ടിനെ ഓർത്ത് പ്രാർത്ഥിക്കയും സഹായിക്കയും ചെയ്യുന്ന സഭകൾക്കും വ്യക്തികൾക്കും സംഘടനകൾക്കും നന്ദി അറിയിക്കുന്നു. തുടർന്നും ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

താങ്കൾ ഒരു കൃതി എഴുതിവച്ചിട്ടുണ്ടോ?

എഴുതുവാൻ താത്പര്യമുണ്ടോ?
സഹായിക്കാൻ ഞങ്ങൾ ഉള്ളപ്പോൾ എന്തിനു വിഷമിക്കുന്നു.
ഉടൻ ബന്ധപ്പെടുക.
സത്യം പബ്ലിക്കേഷൻസ് Mob: 9447126182

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.